## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നബാർഡ് ആർ.ഐ.ഡി.എഫ് - ൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1345

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നബാർഡിലേയ്ക്ക് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് സമർപ്പിക്കുന്നതിന്റെ നടപടിക്രമം എന്താണ്; | (എ) | നബാർഡ് പ്രവൃത്തികൾ സംസ്ഥാന അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) പ്രവർത്തിക്കുന്നു. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. നബാർഡ് സഹായം ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം എസ്.എൽ.ഇ.സി നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് വാങ്ങി നബാർഡിന്റെ അനുമതിയ്ക്ക് അയയ്ക്കുകയും, അനുമതി ലഭിയ്ക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾക്ക് നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയാണ് ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ബി) | നബാർഡ് ധനസഹായത്തോടെ ആർ.ഐ.ഡി.എഫ് 19 ട്രാഞ്ചെയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര പ്രോജക്ടുകൾ അംഗീകാരത്തിനു വേണ്ടി ലഭിച്ചിട്ടുണ്ട്; പ്രസ്തുത പ്രോജക്ടുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്; | (ബി) | ആർ.ഐ.ഡി.എഫ് 19-ാം ട്രാഞ്ചെയിൽ ഉൾപ്പെടുത്തുന്നതിന് 32 പ്രോജക്ടുകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല. ഇവ ട്രാഞ്ചെ XX (14-15) ന്റെ സെക്ടറൽ അലോക്കേഷനിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ആർ.ഐ.ഡി.എഫ് - ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്? | (സി) | നബാർഡിന്റെ അനുമതി ലഭിക്കുന്ന പ്രോജക്ടുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ